പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 228 **28-10-2026-ൽ മറുപടിയ്ക്ക്**

വനം വകുപ്പിന്റെ ഡിജിറ്റൽ സംവിധാനങ്ങളും പദ്ധതികളും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കാരായി രാജൻ

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. കെ. വി. സുമേഷ്

മറുപടി നൽകിയ മന്ത്രി

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

(എ) പാമ്പുകടിയേറ്റുള്ള മരണങ്ങൾ ഇല്ലാതാക്കുന്നതിനായി മുൻ സർക്കാർ നടപ്പിലാക്കിയ സർപ്പ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ നിലവിൽ കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: സർപ്പ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ നിലവിൽ കാര്യക്ഷമമായി നടക്കുന്നുണ്ട്.

സിവിൽ ഡിഫൻസ് വോളണ്ടിയർമാർക്കും തൽപരരായ പ്രദേശവാസികൾക്കും സർപ്പ പരിശീലനം ആവശ്യാനുസരണം നൽകി വരുന്നുണ്ട്.

(ബി) വന്യജീവികളുമായി ബന്ധപ്പെട്ട വിവരശേഖരണത്തിനും കുറ്റകൃത്യങ്ങൾ തടയുന്നതിനുമായി മുൻ സർക്കാർ കൊണ്ടുവന്ന എം.സ്മൈപ്സ് (M-STRIPS), ഹോസ്റ്റൽ ആക്റ്റിവിറ്റി വാച്ച് കേർണൽ (HAWK) എന്നീ ആപ്ലിക്കേഷനുകളുടെ നിലവിലെ പ്രവർത്തനക്ഷമത വിശദമാക്കാമോ;

മറുപടി: വനസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വന്യജീവികളുടെ സാന്നിധ്യവും ആവാസ വ്യവസ്ഥയുടെ നിലവാരവും നിരീക്ഷിക്കുന്നതിനും സഹായിക്കുന്ന സുപ്രധാന സംവിധാനമാണ് എം-സ്മൈപ്സ് (M-STrIPES). പ്രധാനമായും കടുവാ സങ്കേതങ്ങളിലും അവയോട് ചേർന്നുകിടക്കുന്ന വനം ഡിവിഷനുകളിലും ഉപയോഗിച്ചു വരുന്നു.

വനം കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള HAWK എന്ന ആപ്ലിക്കേഷൻ 2020 ഓഗസ്റ്റ് മാസം മുതൽ കേരള വനം വകുപ്പിൽ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. കേസുമായി ബന്ധപ്പെട്ട രേഖകൾ ഡിജിറ്റൽ സൈൻ ചെയ്ത് നേരിട്ട് കോടതി സൈറ്റിലേക്ക് (e courts) സമർപ്പിക്കുന്നതിനുള്ള സംവിധാനം (DCMS integration) ഈ സർക്കാർ നിലവിൽ വന്ന ശേഷം പുതുതായി ചേർത്തിട്ടുണ്ട്.

(സി) നിലവിലുള്ള സംവിധാനങ്ങൾ നിലനിർത്തുന്നതിനപ്പുറം, കഴിഞ്ഞ അഞ്ച് മാസത്തിനിടെ വനം വകുപ്പിന്റെ സാങ്കേതിക നവീകരണത്തിനായി സർക്കാർ സ്വീകരിച്ച പുതിയ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: നിലവിലുള്ള സംവിധാനങ്ങൾ നിലനിർത്തുന്നതിനപ്പുറം, കഴിഞ്ഞ അഞ്ച് മാസത്തിനിടെ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

- WhatsApp അധിഷ്ഠിത സേവനങ്ങൾ
- ജനസേവനങ്ങൾക്കായി AI ചാറ്റ്ബോട്ട്.
- വനാതിർത്തി പ്രദേശങ്ങളിൽ സ്വകാര്യ ഭൂമിക്ക് NOC നൽകുന്നതിനുള്ള സോഫ്റ്റ്വെയർ സംവിധാനം.
- സ്വകാര്യവ്യക്തികൾക്ക് ചന്ദനമരം മുറിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള ഓൺലൈൻ സംവിധാനം.
- 24/7 കാൾ സെന്റർ
- നമ്മുടെ കേരളം ആപ്പുമായി സേവനങ്ങളുടെ സംയോജനം
- ഡ്രോൺ സ്ക്വാഡുകളുടെ രൂപീകരണം
- AI അടിസ്ഥാനമാക്കിയ റിയൽ ടൈം മുന്നറിയിപ്പ് സംവിധാനം ആവിഷ്കരിച്ചത്
- വനാതിർത്തികളിൽ സ്മാർട്ട് ഫെൻസ്
- വന്യജീവികളെ അകറ്റി നിർത്തുന്നതിനുള്ള അതീവ സുരക്ഷ മാർഗ്ഗമായി എലീ -ഫെൻസ്

(ഡി) വന്യജീവി സംഘർഷം നിലനിൽക്കുന്ന 171 പഞ്ചായത്തുകളിലായി മുൻ സർക്കാർ രൂപീകരിച്ച 420 സന്നദ്ധ പ്രാഥമിക പ്രതികരണ സേനകൾക്ക് ആവശ്യമായ പിന്തുണ നൽകുന്നതിൽ നിലവിലെ സർക്കാരിന്റെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ